**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ: **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി. 18.04.2023

**സെക്രട്ടറി**
................ ഗ്രാമപഞ്ചായത്ത്

**സർക്കുലർ**

സർ,

വിഷയം: എം.ജി.എൻ.ആർ.ഇ.ജി.എസ്. **ടെസ്റ്റ് ഓഡിറ്റ്** - സംബന്ധിച്ച്

സോഷ്യൽ ഓഡിറ്റ് ഉൾപ്പടെയുള്ള ഓഡിറ്റ് സംവിധാനത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ടെസ്റ്റ് ഓഡിറ്റ് നടത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആഡിറ്റ് ആന്റ് അക്കൗണ്ടന്റ് ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനകം സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കേരളത്തിന് കഴിഞ്ഞു. അഭിമാനകരമായ ഈ നേട്ടം നാം കൈവരിച്ചതോടൊപ്പംതന്നെ സോഷ്യൽ ഓഡിറ്റിന്റെ ഗുണനിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശ്രമങ്ങൾ നിരന്തരമായി തുടരേണ്ടതുണ്ട്. ഇതിന്റെ ഭാഗമായാണ് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ടെസ്റ്റ് ഓഡിറ്റിന് വിധേയമാക്കുന്നത്. ഇതിനകം 30 ദിവസത്തെ സോഷ്യൽ ഓഡിറ്റിൽ പരിശീലനം ലഭിച്ച ജില്ലാ- ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ചുമതലയിലാണ് ടെസ്റ്റ് ഓഡിറ്റ് നടക്കുന്നത്. ഇതിന്റെ ഭാഗമായി ഗ്രാമസഭകൾ, പബ്ലിക് ഹിയറിംഗ് എന്നിവ സംഘടിപ്പിക്കേണ്ടതില്ല. ഇത് ഒരു സ്വയം പഠന-വിലയിരുത്തൽ പ്രവർത്തനമാണ്. വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ നടത്തിയ സോഷ്യൽ ഓഡിറ്റിന്റെ ഗുണനിലവാരവും കാര്യക്ഷമതയും വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തുക എന്നതാണ് ടെസ്റ്റ് ഓഡിറ്റിന്റെ ലക്ഷ്യം.

ടെസ്റ്റ് ഓഡിറ്റിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്;

- ഫയൽ പരിശോധനയും വിലയിരുത്തലും
- മുഴുവൻ പ്രവൃത്തികളുടെയും ഫീൽഡ് പരിശോധനയും വിലയിരുത്തലും
- തൊഴിലുറപ്പ് പദ്ധതിയിലെ മുഴുവൻ ആക്ടീവ് തൊഴിലാളികളുമായുള്ള കൂടിക്കാഴ്ചയും വിവരശേഖരണവും
- ഗുണഭോക്തൃ പ്രദേശത്തെ ജനങ്ങളുമായുള്ള ചർച്ചയും വിവരശേഖരണവും
- ഓഡിറ്റ് വിവരങ്ങൾ, കണ്ടെത്തലുകൾ, നിർദ്ദേശങ്ങൾ, ശുപാർശകൾ എന്നിവ പഞ്ചായത്തിന് കൈമാറൽ
- ടെസ്റ്റ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ

സംസ്ഥാനത്തെ 24 ഗ്രാമപഞ്ചായത്തുകളാണ് ടെസ്റ്റ് ഓഡിറ്റിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ടെസ്റ്റ് ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് പ്രധാനമായും നേതൃത്വം നൽകുന്നത് അതത് ജില്ലയിലെ ജില്ലാ റിസോഴ്സ് പേഴ്സൺ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ എന്നിവരാണ്. 5-6 പേരടങ്ങിയ ടീമായിട്ടാണ് ടെസ്റ്റ് ഓഡിറ്റ് നടത്തുന്നത്. ടെസ്റ്റ് ഓഡിറ്റ് റിപ്പോർട്ട് യാതൊരു കാരണവശാലും പൊതുമണ്ഡലത്തിൽ പരസ്യപ്പെടുത്തുകയോ ചർച്ച ചെയ്യുകയോ ഇല്ലയെന്ന കാര്യം ഇതോടൊപ്പം വ്യക്തമാക്കുന്നു. സ്വയം പഠനത്തിനും വിലയിരുത്തലിനും അതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് ടെസ്റ്റ് ഓഡിറ്റിന്റെ ലക്ഷ്യം. ഇതിനാവശ്യമായ എല്ലാ സഹായങ്ങളും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

**കോപ്പി:** 1. എല്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും
3. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും
4. എല്ലാ അസിസ്റ്റന്റ് സെക്രട്ടറിമാർക്കും (സെക്രട്ടറി മുഖേന)